STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.64/PR/SPMC/PHQ/2023 Date: 01.06.2023

**പോലീസിന്റെ തുണ പോർട്ടലിൽ അധിക സേവനങ്ങൾ ലഭ്യമാക്കി**

പോലീസ് നൽകുന്ന വിവിധ സേവനങ്ങൾക്കായി ഓൺലൈൻ വഴി അപേക്ഷിക്കാനുള്ള തുണ പോർട്ടലിൽ അധികമായി മൂന്ന് സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി. ഇതിൻറെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് നിർവ്വഹിച്ചു.

നഷ്ടപ്പെട്ടുപോയ സാധനങ്ങൾ സംബന്ധിച്ച് പോലീസിന് വിവരം നൽകാനുള്ള സംവിധാനമാണ് അതിലൊന്ന്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറും. തുടർനടപടികൾ ഐകോപ്സ് എന്ന ആപ്ലിക്കേഷനിൽ രേഖപ്പെടുത്തും. അന്വേഷണത്തിൽ സാധനം കണ്ടുകിട്ടിയാൽ പരാതിക്കാരന് കൈമാറും. പരാതി പിൻവലിക്കപ്പെട്ടാൽ തുടർനടപടികൾ അവസാനിപ്പിക്കും. സാധനം കണ്ടെത്താൻ സാധിക്കാത്തപക്ഷം അത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകും. ഓൺലൈനിൽ നൽകുന്ന പരാതിയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് വീണ്ടും സമർപ്പിക്കാനും സൗകര്യമുണ്ട്. പോലീസിൻറെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പോൽആപ്പിലും ഈ സംവിധാനം നിലവിൽ വന്നു.

ജാഥകൾ, സമരങ്ങൾ എന്നിവ നടത്തുന്ന സംഘടനകൾക്ക് അക്കാര്യം ജില്ലാ പോലീസിനെയും സ്പെഷ്യൽ ബ്രാഞ്ചിനെയും ഓൺലൈനായി അറിയിക്കാനുള്ള സംവിധാനവും തുണ പോർട്ടലിൽ ഏർപ്പെടുത്തി. ജില്ലാ പോലീസ് ആവശ്യമായ നിർദ്ദേശങ്ങളോടെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകൾക്ക് വിവരം കൈമാറും. അപേക്ഷകൾക്ക് നിയമാനുസരണമുള്ള നോട്ടീസും നൽകും.

തുണ പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം മോട്ടോർവാഹന അപകടക്കേസുകളുമായി ബന്ധപ്പെട്ട രേഖകൾ ഓൺലൈനിൽ പണമടച്ച് വാങ്ങാൻ ഇൻഷുറൻസ് കമ്പനികൾക്ക് അവസരം നൽകുന്ന സംവിധാനവും തുണ പോർട്ടലിൽ നിലവിൽ വന്നു. ചികിൽസാ സർട്ടിഫിക്കറ്റ്, മുറിവ് സംബന്ധിച്ച സർട്ടിഫിക്കറ്റ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങി 13 തരം സർട്ടിഫിക്കറ്റുകളാണ് ഓരോ രേഖയ്ക്കും 100 രൂപ നൽകി ഇൻഷുറൻസ് കമ്പനികൾക്ക് ലഭ്യമാക്കുക.

നിരവധി സവിശേഷതകളാണ് തുണ പോർട്ടലിനുള്ളത്. ആക്സിഡൻറ് ജി.ഡി കോപ്പി, മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി, പരാതി നൽകൽ എന്നിവ ഓൺലൈൻ ആയി നിർവ്വഹിക്കാം. ഇവ ലഭിച്ചതായ രസീത് ഓൺലൈനായി തന്നെ ലഭിക്കും. ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടില്ലെന്ന സർട്ടിഫിക്കറ്റിന് അപേക്ഷിക്കാനും എഫ്.ഐ.ആർ കോപ്പി ഡൗൺലോഡ് ചെയ്യാനും സാധിക്കും. അപേക്ഷകളുടെ നിലവിലെ അവസ്ഥ പോർട്ടലിലൂടെയും എസ്.എം.എസ് ആയും അറിയാൻ കഴിയും.

**********************************************